**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **30-08-2022 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാരവൻ ടൂറിസം പദ്ധതി ഇപ്പോൾ ഏതൊക്കെ ജില്ലയിലാണ് തുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന വ്യാപകമായിട്ട് വിഭാവനം ചെയ്തിട്ടുള്ള കാരവൻ ടൂറിസം പദ്ധതിയിൽ കാരവൻ പാർക്കിനായി 109 അപേക്ഷകളും കാരവൻ വാഹനത്തിനായി 321 അപേക്ഷകളും ടൂറിസം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാരവനുകൾ ജില്ലാ അടിസ്ഥാനത്തിലല്ല സർവ്വീസ് നടത്തുന്നത്. നിലവിൽ താഴെ പറയുന്ന ജില്ലകളിൽ നിന്നുള്ള സംരംഭകരാണ് കാരവനുകൾ വാങ്ങി സർവ്വീസ് ആരംഭിച്ചിട്ടുള്ളത്:-<br><br>1. തിരുവനന്തപുരം - 2<br>2. തൃശ്ശൂർ - 1<br>3. എറണാകുളം - 1<br><br>ഇടുക്കി ജില്ലയിലെ വാഗമണിലാണ് ആദ്യത്തെ കാരവൻ പാർക്ക് പ്രവർത്തന സജ്ജമായിട്ടുള്ളത്. |
| (ബി) | കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയിൽ കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് (ബേക്കൽ ടൂറിസം ഉൾപ്പെടെ) അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ നിന്നും ടൂറിസം മേഖലയിൽ കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് ബേക്കൽ ടൂറിസം ഉൾപ്പെടെ 5 അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ